**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 5966** — **28.10.2011-ൽ മറുപടിക്ക്.**

## കൽപ്പറ്റ കോടതിക്ക് അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) 18-2-2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) 611/2010 പ്രകാരം കൽപ്പറ്റയിൽ സ്ഥാപിച്ച കോടതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ; | : (എ) കൽപ്പറ്റ ജില്ലാ ജഡ്ജിയുടെ അഭ്യർത്ഥന പ്രകാരം കൽപ്പറ്റയിലുള്ള മീഡിയേഷൻ സെന്റർ ബിൽഡിംഗിൽ ലഭ്യമായ സ്ഥലം പ്രത്യേക കോടതിയ്ക്കുവേണ്ടി ഉപയോഗിക്കാൻ ഹൈക്കോടതി അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത കോടതി കൽപ്പറ്റയിൽ ആരംഭിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ; | : (ബി) കേന്ദ്ര ഗവൺമെന്റ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു വേണ്ടി മാത്രം പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനായി ഹൈക്കോടതിയുടെ അഭിപ്രായം ആരാഞ്ഞപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമവുമായി ബന്ധപ്പെട്ട് കേസ്സുകൾ കൂടുതലുള്ള കൽപ്പറ്റ, മഞ്ചേരി എന്നീ ജുഡീഷ്യൽ ജില്ലകൾ ഹൈക്കോടതി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ടി കോടതികൾ തുടങ്ങാൻ അനുവാദം നൽകിയത്. |

( ...........2)

(സി) കോടതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

: (സി) ഹൈക്കോടതിയുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത കോടതി കൽപ്പറ്റയിൽ നിന്നും മാറ്റുന്നതിനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ?

: (ഡി) കൽപ്പറ്റയിലെ അടിസ്ഥാനസൗകര്യ പരിമിതിമൂലവും മാനന്തവാടിയിൽ പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലായതിനാലും അവിടെ കൂടുതൽ സൗകര്യങ്ങൾ ലഭ്യമായതിനാലും മാനന്തവാടിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന കാര്യം ഹൈക്കോടതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ